പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.336 — 03.02.2020 ൽ മറുപടിയ്ക്ക്

**മാവേലി സ്റ്റോറുകൾ**

ചോദ്യം
ശ്രീ.പി.സി. ജോർജ്

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നിത്യോപയോഗ സാധനങ്ങളുടെ വില ദിനംപ്രതി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾക്ക് ഏറെ ആശ്വാസകരകമായ മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന മിക്ക സാധനങ്ങളുടെയും വില നിലവാരം പൊതുവിപണിയുടേതിനു തുല്യമോ അതിൽ കൂടുതലോ ആണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സപ്ലൈകോ വില്പനശാലകളിലൂടെ വില്പന നടത്തുന്ന അവശ്യ സാധനങ്ങളുടെ വില്പന വില പൊതു വിപണിയിലേതിനേക്കാൾ (സംസ്ഥാന ശരാശരി) വളരെ കുറവാണ്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ചില സ്റ്റോർ മാനേജർമാർ ലോക്കൽ പർച്ചേസിന്റെ മറവിൽ തീരെ ഗുണനിലവാരം ഇല്ലാത്ത സാധനങ്ങൾ വാങ്ങി വിതരണം നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | സ്റ്റോർ മാനേജർക്ക് ലോക്കൽ പർച്ചേസ് നടത്തുന്നതിനുള്ള അധികാരം ഇല്ല. അടിയന്തിര സാഹചര്യങ്ങളിലും ഷെൽഫ് ലൈഫ് വളരെ കുറവായ സാധനങ്ങൾ ഒഴികെ എല്ലാ സാധനങ്ങളും സെൻട്രലൈസ്ഡ് പർച്ചേസ് സിസ്റ്റത്തിലൂടെയാണ് വാങ്ങുന്നത്. |
| (സി) | ഗുണമേന്മയുള്ള നിത്യോപയോഗ സാധനങ്ങൾ മാവേലി സ്റ്റോറുകൾ വഴി ലഭ്യമാക്കി | (സി) | നിലവിൽ ഗുണനിലവാരം ഉറപ്പാക്കിയതിനു ശേഷമാണ് സാധനങ്ങൾ ഇ-ടെണ്ടർ മുഖേനയും കേന്ദ്രഏജൻസികൾ മുഖേനയും |

| | |
|---|---|
| ജനങ്ങളുടെ വിശ്വാസ്യത വീണ്ടെടുത്ത് മാവേലി സ്റ്റോറുകളെ ജനോപകാരപ്രദമാക്കി നിലനിർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (നാഫെഡ്, കേന്ദ്രീയ ഭണ്ഡാർ/ എൻ.സി.ഡി.ഇ.എക്സ് മുതലായവ) സംഭരിച്ച് വിതരണം ചെയ്യുന്നത്. ഇവ മിതമായ വിലയിൽ ലഭ്യമാക്കുക വഴി സപ്ലൈകോ വില്പനശാലകളെ ജനോപകാരപ്രദമാക്കി നിലനിർത്തുവാൻ സാധിച്ചിട്ടുണ്ട്. കൂടുതൽ വില്പനശാലകൾ പുതുതായി ആരംഭിച്ചും നിലവിലുള്ളവയിൽ കൂടുതൽ ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തി നവീകരിച്ചും കൂടുതൽ ഉപഭോക്താക്കൾക്ക് സേവനമെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്ര. നമ്പർ | ഇനം | നിലവിലെ സബ്സിഡി വില (രൂപ കി.ഗ്രാമിന്) | പൊതു വിപണി വില (as per Economics and Statistics Dept of 25/01/2020 (per Kg) | സപ്ലൈകോ വിലയും പൊതുവിപണി വിലയും തമ്മിലുള്ള വ്യത്യാസം | വ്യത്യാസം ശതമാനത്തിൽ |
|---|---|---|---|---|---|
| 1 | ചെറുപയർ | 74.00 | 103.71 | 29.71 | 28.65% |
| 2 | ഉഴുന്ന് ബോൾ | 66.00 | 119.64 | 53.64 | 44.83% |
| 3 | വൻകടല | 43.00 | 79.36 | 36.36 | 45.82% |
| 4 | വൻപയർ | 45.00 | 79.36 | 34.36 | 43.30% |
| 5 | തുവര പരിപ്പ് | 65.00 | 97.43 | 32.43 | 33.29% |
| 6 | മുളക് | 75.00 | 231.07 | 156.07 | 67.54% |
| 7 | മല്ലി | 82.00 | 99.29 | 17.29 | 17.41% |
| 8 | പഞ്ചസാര | 22.00 | 38.86 | 16.86 | 43.39% |
| 9 | വെളിച്ചെണ്ണ | 90.00 | 197.31 | 107.31 | 54.39% |
| 10 | ജയ അരി | 25.00 | 40.33 | 15.33 | 38.01% |
| 11 | കുറുവ അരി | 25.00 | 37.00 | 12.00 | 32.43% |
| 12 | മട്ട അരി | 24.00 | 40.82 | 16.82 | 41.21% |
| 13 | പച്ചരി | 23.00 | 35.67 | 12.67 | 35.52% |
| 14 | ആന്ധ്ര ഇതര ജയ അരി | 25.00 | 36.00 | 11.00 | 30.56% |

സെക്ഷൻ ഓഫീസർ